
# ഫാത്തിമ യു.പി സ്കൂൾ
## കുടിയാന്മല

# അക്കാദമിക മാസ്റ്റർ പ്ലാൻ
## 2025-26



# ഉള്ളടക്കം

1.ആമുഖം

2.ലക്ഷ്യങ്ങൾ

3.അടിസ്ഥാന വിവരങ്ങൾ

4.അക്കാദമിക അടിസ്ഥാന വിവരങ്ങൾ

5.മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ

6.പ്രതീക്ഷിത നേട്ടങ്ങൾ

7.മോണിറ്ററിംഗ് രീതി

8ഉപസംഹാരം

# അക്കാദമിക മാസ്റ്റർ പ്ലാൻ
# ഫാത്തിമ യു.പി.എസ് കുടിയാന്മല

# ആമുഖം

കാലത്തിന്റെയും ദേശത്തിൻറെയും മാറി വരുന്ന അഭിരുചികൾക്കും അവബോധങ്ങൾക്കും അനുസരിച്ച് നിരന്തരം നവീകരിക്കപ്പെട്ടു കൊണ്ടാണ് വിദ്യാഭ്യാസം വളരുന്നത്. കഴിഞ്ഞ ദശകങ്ങളിൽ കേരളം ഒട്ടേറെ വിദ്യാഭ്യാസ പരിഷ്കാരങ്ങൾക്ക് സാക്ഷ്യം വഹിക്കുകയുണ്ടായി. അക്കാദമിക നിലവാരം അന്താരാഷ്ട്ര നിലയിലേയ്ക്ക് ഉയർത്തുക എന്നത് പൊതുവിദ്യാലയ സംരക്ഷണത്തിന് അത്യന്താപേക്ഷികമാണ്. ഓരോ ക്ലാസിലേയ്ക്കും പാഠ്യപദ്ധതി ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ ഏറ്റവും ആസ്വാദ്യകരവും അർത്ഥപൂർണമായും സമഗ്രമായും പഠിതാവിലേയ്ക്ക് എത്തിക്കേണ്ടതുണ്ട്. അതിനായി അധ്യാപകരും രക്ഷകർത്തൃ പ്രതിനിധി കളും കൂടിച്ചേർന്നുള്ള ചർച്ചയിൽ ഉരു തിരിഞ്ഞ ആശയങ്ങൾ ചേർത്ത് വിദ്യാലയത്തെ മികവിലേയ്ക്ക് നയിക്കുന്ന ഒരു അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. നാളേയ്ക്കു വേണ്ടി നമ്മുടെ സ്കൂളിന് മികവിന്റെ കേന്ദ്രമാക്കി അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താൻ നമുക്ക് പരിശ്രമിക്കാം

മിനി അബ്രഹാം
ഹെഡ്മിസ്ട്രസ്
ഫാത്തിമ യു.പി.എസ് കുടിയാന്മല

# ലക്ഷ്യങ്ങൾ

- ഈ വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും അറിവിന്റെ ഉയർന്ന തലങ്ങളിലേക്ക് എത്താൻ സഹായകമായ പഠനാവസരങ്ങൾ ഉറപ്പുവരുത്തുക.
- അവസരതുല്യത സാമൂഹ്യനീതി എന്നിവ ഉറപ്പാക്കുന്ന പഠനാന്തരീക്ഷം ലഭ്യമാക്കുക.
- വിദ്യാലയ പ്രവർത്തനങ്ങൾ ആകർഷകമാക്കിയും പിന്തുണ നൽകിയും മികവുറ്റവരാക്കുക.
- ഭാഷാ ക്ലബ്ബുകൾ വഴി മാതൃഭാഷ രാഷ്ട്രഭാഷ, ഇംഗ്ലിഷ് എന്നിവ സുഗമമായി കൈകാര്യം ചെയ്യാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക.
- ഗണിത പഠനം ആകർഷകവും ലളിതവും ആക്കുക
- ശാസ്ത്രാഭിരുചി വളർത്തി ശാസ്ത്ര പ്രതിഭകളെ രൂപപ്പെടുത്തുക.
- പാഠ്യേതര രംഗങ്ങളിൽ മികവുറ്റവരാക്കുക.
- പ്രതിഭാ പോഷണ പരിപാടികളിലൂടെ പ്രതിഭകളെ കണ്ടെത്തുക.
- പ്രത്യേക പരിഗണന അർഹിക്കുന്ന എല്ലാ കുട്ടികൾക്കും പിന്തുണയും പ്രോത്സാഹനവും നൽകുക
- സാമൂഹ്യശാസ്ത്ര ക്ലബ്,ഗണിത ക്ലബ്,ഐടി ക്ലബ്, ശാസ്ത്ര ക്ലബ് തുടങ്ങിയ വിവിധ ക്ലബ് പ്രവർത്തനങ്ങൾ വഴി ശാസ്ത്ര സാമൂഹ്യശാസ്ത്ര ഗണിത ഐടി മേഖലകളിൽ കൂടുതൽ പഠനാവസരങ്ങൾ ഒരുക്കുക.
- പഠന വിടവ് നികത്തുക.
- കുടിയാന്മല ഫാത്തിമ യുപി സ്കൂളിലനെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തുക.

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : ഫാത്തിമ യു പി. സ്കൂൾ കുടിയാൻ മല |
| വിലാസം | : കുടിയാൻ മല പി ഒ<br>നടുവിൽ വഴി<br>670582 ഫോൺ |
| വിദ്യാഭ്യാസ ഉപജില്ല | : ഇരിക്കൂർ |
| വിദ്യാഭ്യാസ ജില്ല | : തളിപ്പറമ്പ് |
| റവന്യൂ ജില്ല | : കണ്ണൂർ |
| BRC | : പഴയങ്ങാടി |
| CRC | : എരുവേശ്ശി |
| ഗ്രാമ പഞ്ചായത്ത് വാർഡ് | : എരുവേശ്ശി 1 –ാം വാർഡ് |
| ബ്ലോക്ക് പഞ്ചായത്ത് | : ഇരിക്കൂർ |
| ജില്ലാ പഞ്ചായത്ത് | : കണ്ണൂർ |
| താലൂക്ക | : തളിപ്പറമ്പ് |
| വില്ലേജ് | : എരുവേശ്ശി |
| Email | : fupskudiyanmala@gmail.com |

# ലക്ഷ്യങ്ങൾ

- ഈ വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും അറിവിന്റെ ഉയർന്ന തലങ്ങളിലേക്ക് എത്താൻ സഹായകമായ പഠനാവസരങ്ങൾ ഉറപ്പുവരുത്തുക.
- അവസരതുല്യത സാമൂഹ്യനീതി എന്നിവ ഉറപ്പാക്കുന്ന പഠനാന്തരീക്ഷം ലഭ്യമാക്കുക.
- വിദ്യാലയ പ്രവർത്തനങ്ങൾ ആകർഷകമാക്കിയും പിന്തുണ നൽകിയും മികവുറ്റവരാക്കുക.
- ഭാഷാ ക്ലബ്ബുകൾ വഴി മാതൃഭാഷ രാഷ്ട്രഭാഷ, ഇംഗ്ലിഷ് എന്നിവ സുഗമമായി കൈകാര്യം ചെയ്യാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക.
- ഗണിത പഠനം ആകർഷകവും ലളിതവും ആക്കുക
- ശാസ്ത്രാഭിരുചി വളർത്തി ശാസ്ത്ര പ്രതിഭകളെ രൂപപ്പെടുത്തുക.
- പാഠ്യേതര രംഗങ്ങളിൽ മികവുറ്റവരാക്കുക.
- പ്രതിഭാ പോഷണ പരിപാടികളിലൂടെ പ്രതിഭകളെ കണ്ടെത്തുക.
- പ്രത്യേക പരിഗണന അർഹിക്കുന്ന എല്ലാ കുട്ടികൾക്കും പിന്തുണയും പ്രോത്സാഹനവും നൽകുക
- സാമൂഹ്യശാസ്ത്ര ക്ലബ്,ഗണിത ക്ലബ്,ഐടി ക്ലബ്, ശാസ്ത്ര ക്ലബ് തുടങ്ങിയ വിവിധ ക്ലബ് പ്രവർത്തനങ്ങൾ വഴി ശാസ്ത്ര സാമൂഹ്യശാസ്ത്ര ഗണിത ഐടി മേഖലകളിൽ കൂടുതൽ പഠനാവസരങ്ങൾ ഒരുക്കുക.
- പഠന വിടവ് നികത്തുക.
- കുടിയാന്മല ഫാത്തിമ യുപി സ്കൂളിലനെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തുക.

# പദ്ധതി വിശദാംശങ്ങൾ

**മേഖല : അക്കാദമികം**

**ഉപമേഖല : ഒന്നാം ക്ലാസ്**

| ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക<br>2. എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക<br>3. ഒരു സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിന് കഴിവ് നേടുക<br>4.തന്റെ ചുറ്റുപാടിനെ നിരീക്ഷിക്കുന്നതിനും വിശകലനം നടത്തുന്ന തിനും ചോദ്യങ്ങൾ ചോദിക്കുന്നതിനും കഴിവുള്ളവരാകുക<br>5.കുട്ടിയുടെ ശാരീരികവും മാനസികവുമായി വികാസവും ക്ഷമതയും<br>6.സ്വന്തം അനുഭവങ്ങൾ കൂട്ടി ചേർത്തു ആശയ ഗ്രഹണത്തോടെ അക്ഷരത്തെറ്റില്ലാതെ സംയുക്ത ഡയറി എഴുതുന്നു. | ഒന്നാം ക്ലാസ്സ് | 1.ടീച്ചർ കഥകൾ ഭാവാത്മകമായി വായിച്ചു കേൾപ്പിക്കുന്നു വീട്ടു വായന ക്ഷിതാക്കൾ കഥകൾ വായിച്ചു കേൾപ്പിക്കുന്നു കേട്ട കഥയിലെ ആശയം പറയുന്നു. അത് ചിത്രീകരിക്കുന്നു.<br>*ക്ലാസ് ലൈബ്രറി ശക്തമാക്കുന്നു ചിത്ര കാർഡുകൾ വായനാകേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു<br>*ചിത്ര വായന നടത്തി പ്രസക്തമായ കാര്യങ്ങൾ വാചികമായി പങ്കെടുക്കുന്നു<br>2.ചിത്രങ്ങളുടെ സഹായത്തോടെ ലളിതമായ അടിക്കുറിപ്പ് എഴുതൽ.<br>*കൂട്ടു വായന കുട്ടിക്കൂട്ടങ്ങൾ പരസ്പരം സഹായിച്ച് ചിത്രകഥാ വായന നടത്തുന്നു<br>*ലളിതമായ വായനക്കാർ കോഡുകൾ സഹായ ത്തോടെ വായിക്കുന്നു.<br>*കുട്ടികൾ നിർമ്മിച്ച കഥകളുടെ പ്രകാശനം കുട്ടികൾ നിർമ്മിച്ച കഥകൾ അവർ തന്നെ വായിക്കുന്നത് നവമാധ്യമങ്ങളുടെ പങ്കിടുന്നു ചിത്രകഥ പുസ്തകങ്ങൾ വായിക്കുന്നു.<br>*ഒന്നാംതരത്തിൽ പ്രവേശിക്കുന്ന കുട്ടികളെ വായിച്ചു കേൾപ്പിക്കുന്നത് ആവശ്യമായ വായന കാർഡുകളുടെ നിർമ്മാണം ക്ലാസ് ലൈബ്രറിയിലെ 20 പുസ്തകങ്ങൾ എങ്കിലും ഓരോ കുട്ടിയും വായിക്കുന്നതിന് അവസരം ഒരുക്കുന്നു കൂടാതെ എല്ലാമാസവും മുകളിൽ കൊടുത്തിരിക്കുന്ന പ്രവർത്തനം പദ്ധതികൾ നടത്തുന്നു.<br>3.ഗണിത കളികൾ ധാരാളം ഉൾപെടുത്തുന്നു<br>4.ലഘു പരീക്ഷണങ്ങൾ ക്ലാസ്സ്റൂമിൽ സംഘടിപ്പിക്കുന്നു.<br>5.സുമ്പ ഡാൻസ് ദിവസവും കളിപ്പിക്കുന്നു... വിവിധ തരം Indoor outdoor ഗെയിമുകൾ കളിപ്പിക്കുന്നു.<br>6.ദിവസവും ഡയറി എഴുതുന്നത് ശീലമാക്കുന്നു. | ജൂൺ മുതൽ മാർച്ച്വരെ | അധ്യാപകർ, രക്ഷകർത്താക്കൾ | 2000 |

# മേഖല : അക്കാദമികം

## ഉപമേഖല : ക്ലാസ് 2

| ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1.ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കാനുള്ള അവസരം ഒരിക്കൽ<br>2.ഉചിതമായ വ്യവഹാര രൂപങ്ങളിലുള്ള ലേഖനമികവ്<br>3.സർഗ്ഗാത്മതയെ തട്ടിയുണർത്തൽ<br>4.ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കൽ<br>5.പ്രകൃതിയെ അറിയൽ<br>6.ഗണിത ചിന്താശേഷി വളർത്തൽ | രണ്ടാം ക്ലാസ് | 1.Let's talk.... പ്രതിഭാധനരുമായി സംവദിക്കൽ<br>2.English ബാലസഭ<br>3.ലഘു രചനയിലേക്ക് നയിക്കുന്ന രചന പ്രവർത്തനങ്ങൾ<br>4.സംയുക്ത ഡയറി<br>5.ലഘു പതിപ്പുകൾ തയ്യാറാക്കൽ<br>6.രചന ശില്പശാല (കഥാ,കവിത രചനകൾക്കുള്ള വേദിയൊരുക്കൽ)<br>7.പ്രകൃതി നടത്തം, കർഷകരമായി അഭിമുഖം<br>8.ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടൽ) | മൂന്നുമാസത്തിൽ ഒന്ന്<br>ആഴ്ചയിൽ ഒന്ന്<br>ഒക്ടോബർ<br>ഡിസംബർ<br>ജനുവരി<br>ആഴ്ചയിൽ ഒന്ന് വീതം | SRG<br>ക്ലാസ് ടീച്ചർ | 500<br>500<br>1000 |

## മേഖല : അക്കാദമികം
## ഉപമേഖല : ഇംഗ്ലീഷ് ശാക്തീകരണം LP

| ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1.ഇംഗ്ലീഷ് ഭാഷാ ശേഷി വർദ്ധിപ്പിച്ച് ആശയങ്ങൾ പ്രകടിപ്പിക്കുന്നതിനും സ്വയം വായിച്ച് മനസ്സിലാക്കുന്നതിനുമുള്ള ശേഷി നേടുന്നതിന<br>2.ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി എഴുതാനും വായിക്കാനും ഉള്ള ശേഷി മെച്ചപ്പെടുത്തൽ.<br>3.സർഗാത്മകതാ പരിപോഷണം<br>4. രചനാ ശേഷി വികസം<br>5.വായനാ പരിപോഷണം | 1 മുതൽ 4 വരെ ക്ലാസ്സുകൾ | 1. ചിത്ര വായന എഴുത്ത്<br>2. ഗെയിമുകളിലൂടെ പുതിയ വാക്കുകൾ കണ്ടെത്തുന്നു<br>3. ഐസിടി സാധ്യതകൾ പ്രയോജനപ്പെടുത്തി ആശയനൈപുണികൾ വികസിപ്പിക്കുന്നു<br>4. ഇംഗ്ലീഷ് അസംബ്ലികൾ<br>5. ക്ലാസ് ലൈബ്രറി വികസനം<br>6. സർഗാത്മക ഡയറി<br>7. പാഠ്യ ഭാഗങ്ങളെ വ്യവഹാര രൂപങ്ങൾ ആക്കി അവതരിപ്പിക്കൽ സ്കിറ്റ് കോൺവെർ സേഷൻ,etc<br>8. കയ്യെഴുത്തു മാസിക പ്രകാശനം<br>9. വായന വേള<br>10. സർഗ്ഗ വേളകൾ | വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പ്രവർത്തനം | ഇംഗ്ലീഷ് അധ്യാപകർ രക്ഷിതാക്കൾ | 1000 |

# മേഖല : അക്കാദമികം

# ഉപമേഖല : ഗണിതശേഷി വികസനം LP

| ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| സംഖ്യകളെ തുടർച്ചയായി എണ്ണുന്നതിനും എഴുതുന്നതിനും, സംഖ്യാബോധം വളർത്തുന്നതിനും, ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നതിനും നിത്യജീവിതത്തിൽ ഉപകാരപ്രദമായ രീതിയിൽ അവ വിശകലനംചെയ്യുന്നതിനും പ്രാപ്തരാക്കുന്നതിന്. | ഒന്നു മുതൽ നാലു വരെയുള്ള ക്ലാസുകളിലെ മുഴുവൻ വിദ്യാർത്ഥികളും. | 1.പഠന പ്രവർത്തനത്തിന് ആവശ്യമായ പ്രാദേശിക സമഗ്രഹി കളുടെ ശേഖരണം. (മുത്ത്, മഞ്ചാടി, ഈർക്കിൽ...... etc)<br>2.സംഖ്യാ കാർഡുകൾ, സംഖ്യ മാല, വർക്ക് ഷീറ്റുകൾ മറ്റു പഠനസാമഗ്രികൾ എന്നിവയുടെ നിർമ്മാണം<br>3.ചതുഷ്ക്രിയ പ്രവർത്തനങ്ങളുടെ ആസൂത്രണവും നിർവഹണവും.<br>4.ചതുഷ്ക്രിയയുടെ പുരോഗതി വിലയിരുത്തൽ പ്രോത്സാഹിപ്പിക്കാൻ | ജൂൺ<br>ജൂലൈ–ആഗസ്ത്<br>ഡിസംബർ–ജനുവരി<br>ഫെബ്രുവരി | ഗണിത ക്ലബ്ബ്, പി ടി എ<br>ഗണിത ക്ലബ്ബ്,പിടിഎ<br>ഗണിത അധ്യാപകർ<br>ഗണിത അധ്യാപകർ, പിടിഎ | 2500 |

## മേഖല : അക്കാദമികം
## ഉപമേഖല : മലയാളം LP

| ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1.കുട്ടികൾക്ക് മാതൃഭാഷ വായിച്ച് ആശയം ഗ്രഹിക്കുന്നതിനും വായനാ നൈപുണി നേടുന്നതിനും ആവശ്യമായ വായനാ സാമഗ്രികളും വായന അനുഭവങ്ങളും ഒരുക്കുന്നതിന് | ഒന്നു മുതൽ നാലു വരെയുള്ള മുഴുവൻ കുട്ടികളും | 1.ചിത്ര വായന<br>2.വായന കാർഡുകൾ<br>3.അമ്മ വായന<br>4.ചിത്ര കാർഡുകൾ<br>5.ക്ലാസ് ലൈബ്രറി വികസനം<br>6.കഥ പറയൽ<br>7.മേനി പറച്ചിൽ<br>8.റോൾപ്ലേ ലഘുനാടകങ്ങൾ | ജൂൺ മുതൽ മാർച്ച് വരെ | മലയാളം അധ്യാപകർ പി ടി എ | 500 |
| 2.ലേഖനം<br>വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കുവാനും എഴുതുവാനുമുള്ള ശേഷി വികസിപ്പിക്കുക. അക്ഷരം തെറ്റുകൂടാതെ എഴുതുവാനുള്ള<br>ശേഷി കൈവരിക്കൽ,<br>വിവിധ ഭാഷാ വ്യവഹാരങ്ങൾ രചന നടത്തുവാനുള്ള ശേഷി കൈവരിക്കൽ. | ഒന്നു മുതൽ നാലു വരെയുള്ള മുഴുവൻ കുട്ടികളും | 1.ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക.<br>2.പോസ്റ്റർ തയ്യാറാക്കൽ<br>3.സംയുക്ത ഡയറി<br>4.പങ്കാളിത്ത പാഠങ്ങൾ<br>5.ചിത്രവിവരണം<br>6.കഥ പൂർത്തിയാക്കൽ<br>7.ചിത്രവിവരണം<br>8.വരികൾ കൂട്ടിച്ചേർക്കൽ<br>9.സംഭാഷണം തയ്യാറാക്കൽ<br>10.പതിപ്പ് നിർമ്മാണം | ജൂൺ മുതൽ മാർച്ച് വരെ | മലയാളം അധ്യാപകർ, പിടിഎ അംഗങ്ങൾ | 1000 |
| 3.സർഗ്ഗാത്മക പ്രകടനം | ഒന്നു മുതൽ നാലു വരെയുള്ള മുഴുവൻ കുട്ടികളും | 1.കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ<br>2.മാഗസിനുകൾ | ജൂൺ മുതൽ മാർച്ച് വരെ | മലയാളം അധ്യാപകർ<br>ഭാഷ ക്ലബ്ബ്<br>പിടിഎ അംഗങ്ങൾ | 500 |

## മേഖല : അക്കാദമികം

## ഉപമേഖല : യു.പി മലയാളം

| ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1.ഭാഷയുടെ അടിസ്ഥാനശേഷി വികസിപ്പിക്കുക. ആശയം, പദസമ്പത്ത് എന്നിവ വളർത്താൻ കുട്ടികളെ പ്രാപ്തരാക്കുക.<br>2.പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക.<br>3.സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂലമ നോഭാവം വളർത്തുകയും സർഗ്ഗശേഷി വളർത്തുകയും ചെയ്യുക.<br>4. പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | യു.പി മലയാളം | 1.എന്റെ അവധിക്കാലം. പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ് എന്നിവയിലൂടെ അവതരിപ്പിക്കുന്നു. അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം.<br>2.പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർ ത്തുകയും ചെയ്യുന്നു. നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികൾക്ക് വായിക്കാൻ അവസരം നൽകുന്നു.<br>3.സാഹിത്യകാരന്മാർ എഴുത്തുകാർ കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണങ്ങളും സംവാദങ്ങളും സംഘടിപ്പിക്കുന്നു.<br>4.പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചോല കാഴ്ചകൾ ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | 1. ജൂൺ, ജൂലൈ മാസം<br>2. എല്ലാ ദിവസവും എല്ലാ മാസവും<br>3. വർഷത്തിൽ രണ്ട് പ്രാവശ്യം.<br>4. അക്കാദമിക് വർഷം | 1.ഭാഷാ അധ്യാപകർ.<br>2.മലയാളം അധ്യാപകർ<br>3.മലയാളം അധ്യാപകർ.<br>4.ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ .<br>5.പിടിഎ സ്കൂൾ, | 2 മലയാളം ക്ലബ്ബ്.<br>3 പി ടി എ<br>4. പി ടി എ. |

# മേഖല : അക്കാദമികം
# ഉപമേഖല : യു.പി ഇംഗ്ലീഷ്

| ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1.കേൾവി,സംസാരിക്കൽ, വായന, എഴുത്ത് (LSRW) എന്നീ ഭാഷാ കഴിവുകൾ മെച്ചപ്പെടുത്തൽ<br>2.സാഹിത്യപഠനത്തിലൂടെ വായനാഗ്രഹം വളർത്തൽ.<br>3.വ്യാകരണവും ശബ്ദസഞ്ചയവും ശക്തമാക്കൽ.<br>4.സൃഷ്ടാത്മകതയും ചിന്താശേഷിയും വികസിപ്പിക്കൽ നൈസർഗികവും പ്രായോഗികവുമായ ആശയവിനിമയശേഷി വളർത്തൽ. | അഞ്ചു മുതൽ ഏഴ് വരെയുള്ള ക്ലാസു കളിലെ മുഴുവൻ കുട്ടികളും | 1.പരിചയം, സംസാര പഠനം<br>2.വിവരണാത്മക എഴുത്ത്<br>3.കഥാവായന<br>4.Tense പഠനം<br>5.കവിത പഠനം<br>6.കത്തുകൾ<br>7.സംവാദങ്ങൾ<br>8.പ്രോജക്ട്<br>9.കഥ എഴുതൽ<br>10.പ്രവർത്തനാധിഷ്ഠിത പഠനം<br>11.കാഴ്ചയുടെ സഹായത്തോടെ (Audio-Visual) പഠനം<br>12.ഭാഷാ ഗെയിമുകൾ<br>13.ഗ്രൂപ്പ് ആക്റ്റിവിറ്റികൾ<br>14.വായനാ വൃത്തങ്ങൾ (ഞലമറശിഴ ഇശ്യരഹലെ)<br>15.സംവാദ പരിശീലനം<br>16.ഫ്ലാഷ് കാർഡുകൾ, ഗ്രാമർ ചാർട്ടുകൾ<br>17.ഇന്റർനെറ്റ് അടിസ്ഥാനമാക്കിയുള്ള പഠന സാമഗ്രികൾ. | ജൂൺ മുതൽ മാർച്ച് വരെ | ഇംഗ്ലീഷ് ഭാഷ അദ്ധ്യാപകർ | 3000 |

## മേഖല : അക്കാദമികം

## ഉപമേഖല : യു.പി ഹിന്ദി

| ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. 5 6 7 ക്ലാസുകളിൽ അക്ഷരം ബോധം ഉറപ്പിക്കൽ<br>2.ഹിന്ദി ഇഷ്ടപെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസം<br>3.എല്ലാ കുട്ടികൾക്കും ഹിന്ദി വായിക്കാനും എഴുതാനും ആശയവിനിമയം നടത്താനുമുള്ള ശേഷി വർദ്ധിപ്പിക്കൽ<br>4.CWSN, Slow Learners കുട്ടികൾ കൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കുന്നു.<br>6.കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന ഭാഷാപോഷിണി പ്രവർത്തനങ്ങൾ<br>7.പഠനവിടവുകൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കൊടുക്കുന്നു. | | 1.കുട്ടികളുടെ നിലവാരം കണ്ടെത്താൻ പ്രീടെസ്റ്റ്<br>2.CWSN, Slow Learner കുട്ടികളെ വിലയിരുത്തി<br>3.അവരുടെ കഴിവിനെയും മാനസികാവസ്ഥയും മനസിലാക്കി നടത്തുന്ന പ്രവർത്തനങ്ങൾ<br>4.അക്ഷരം എഴുത്ത്<br>5.ചിഹ്നം ഉറപ്പിക്കൽ<br>6.അക്ഷര കാർഡ്, വാക്കുകൾ എഴുതിയ കാർഡ്<br>7.അക്ഷരമാല കളികൾ<br>8.വാക്കുകൾ നിർമ്മാണം<br>9.വാക്യങ്ങളുടെ നിർമ്മാ<br>10.ICT യുടെ സഹായത്തോടെ വാക്കുകളും, വാക്യങ്ങളും പരിശീലിക്കാനുള്ള അവസരം<br>10.ICT യുടെ സഹായത്തോടെ വാക്കുകളും, വാക്യങ്ങളും പരിശീലിക്കാനുള്ള അവസരം<br>11.ഹിന്ദി അസംബ്ളി നടത്തുക.<br>12.ഹിന്ദിയിൽ ചെറിയ പ്രസംഗ പരിശീലനം<br>13.ഹിന്ദി പതിപ്പ് നിർമ്മാണം<br>14.പാഠഭാഗവുമായ് ബന്ധപെട്ട ഓഡിയോ കേൾപ്പിക്കുന്നു. ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുന്നു<br>15.വാർത്തകൾ കാണാനുള്ള അവസരം<br>16.ഹിന്ദി ക്ലബ്തല പ്രവർത്തനങ്ങൾ | | | |

# മേഖല : അക്കാദമികം

# ഉപമേഖല : യു.പി സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1.സാമൂഹ്യശാസ്ത്രവിഷയം കൂടുതൽ ശാസ്ത്രീയ മാക്കുക<br><br>2.പഠനം കൂടുതൽ തനിമയുള്ളതാക്കുക<br><br>3.സാമൂഹ്യശാസ് ത്രപഠനശേഷി വികസിപ്പിക്കുക<br><br>4.കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ സാമൂഹ്യശാസ്ത്ര പഠനലനേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.<br><br>5.സാമൂഹ്യചിന്ത, സാമൂഹ്യബോധം, സാമൂഹ്യശാസ്ത്ര വിശക ശേഷി, enquiry skill എന്നിവ എല്ലാ കുട്ടികളും ആർജ്ജിക്കുക<br><br>6.സാമൂഹ്യശാസ്ത്ര പഠനത്തിൽ ഐ.സി.റ്റി സാധ്യത പ്രയോജനപ്പെടുത്തുക.<br><br>7.ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് സാമൂഹ്യശാസ്ത്രപഠനം പ്രയോജനപ്പെടുത്തുക<br><br>8.മതേതര ജനാധിപ ത്യബോധം വികസിപ്പിക്കൽ ചരിത്രശേഷിപ്പുകൾ നശിപ്പിക്കാതെ തലമുറക്ക് കൈമാറുക.<br><br>9.അർഥപൂർണമായ ഭൂപടവായന ക്രമീകരിക്കുന്നു. പ്രാദേശിക ചരിത്രാവബോധം വളർത്തുക. | 5, 6, 7 | 1.അറ്റ്ലസ് നിർമ്മാണം മഴമാപിനി നിർമ്മാണം പ്രോജക്ട് ICT റിസോഴ്സ് നിർമ്മാണവും ശേഖരണവും<br>2.പ്രാദേശികമായുള്ള resource ഉപയോഗി ക്കാൻ പ്രത്യേക പദ്ധതി പഴയനാണയം സ്റ്റാമ്പ് കറൻസി എന്നിവ ശേഖരിക്കുക കാർഷിക പണി ആയുധങ്ങളും പഴയ കാല വസ്തുക്കളും ശേഖരിക്കുക<br>3.മഴയാത്ര സംഘടിപ്പിക്കൽ. Field Trips കോട്ടകൾ മ്യൂസിയം എന്നിവ സന്ദർശിക്കുന്നു പ്രകൃതിക്ഷോഭമുണ്ടായ സ്ഥല സന്ദർശനം ദുരന്തമുഖങ്ങളുടെ ICT പ്രദർശനം ഒരുക്കൽ ഗ്രാമീണ സന്ദർശനങ്ങൾ / ഊരുമൂപ്പൻ, പൗരപ്രമുഖർ<br>4.ചിത്രപ്രദർശനം / ചിത്ര ഗ്യാലറി. ക്ഷേത്രോൽസവങ്ങൾ ആഘോഷപൂർവം കൊണ്ടാടുന്ന വിധ മതസ്ഥരുടെ കൂട്ടായ്മ, സന്ദർശനം, ക്രിസമസ് ആഘോഷിക്കുന്ന എല്ലാ മതക്കാരുടേയും ചിത്രങ്ങൾ,സ്കിറ്റ്, നാടകങ്ങൾ,കഥകൾ- കുട്ടികളുടെ രചന,<br>5.ചരിത്രകാരൻമാരുടെ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ.<br>6.ഡോക്യുമെൻററി പ്രദർശനം<br>7.ഡിജിറ്റൽ ആൽബം തയ്യാറാക്കൽ.<br>8.സാമൂഹ്യശാസ്ത്രവിഷയം കൂടുതൽ ശാസ്ത്രിയ മാക്കുക<br>9.പഠനം കൂടുതൽ തനിമ യുള്ളതാക്കുക<br>10.സാമൂഹ്യശാസ്ത്രപഠന ശേഷിവികസിപ്പിക്കുക<br>11.കരിക്കുലം ലക്ഷ്യമാ ക്കുന്ന എല്ലാ സാമൂഹ്യശാസ്ത്ര പഠനലനേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക<br>12.സാമൂഹ്യചിന്ത, സാമൂഹ്യബോധം, സാമൂഹ്യശാസ്ത്ര വിശകലന ശേഷി, enquiry skill എന്നിവ എല്ലാ കുട്ടികളും ആർജ്ജിക്കുക | ജൂൺ മുതൽ മാർച്ച്വരെ | സാമൂഹ്യശാസ്ത്ര അധ്യാപകർ | 3000<br><br>2000 |

| | | | | | |
|---|---|---|---|---|---|
| 10.പഠനയാത്രകൾ സംഘടിപ്പിച്ച് ചരിത്രപഠനം കാര്യക്ഷമമാക്കുന്നു.<br><br>11.പൊതുവിജ്ഞാനത്തിന് ഊന്നൽ നൽകുന്നു.<br><br>12.പ്രാചീന മധ്യ- ആധുനിക ഇന്ത്യയുടെ പ്രധാന സംഭവങ്ങൾ തരംതിരിക്കുന്നു.<br><br>13.ചോദ്യാത്തരവേളകൾ ക്ലാസ്സിലെ എല്ലാ കുട്ടി കളും. | | 13.സാമൂഹ്യശാസ്ത്ര പഠനത്തിൽ ഐ.സി.റ്റി സാധ്യത പ്രയോജനപ്പെടുത്തുക<br>14.ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് സാമൂഹ്യശാസ്ത്ര പഠനം പ്രയോജന പ്പെടുത്തുക<br>15.മതേതര ജനാധിപ ത്യബോധം വികസിപ്പിക്കൽ ചരിത്രശേഷിപ്പുകൾ നശിപ്പിക്കാതെ വരും തലമുറക്ക് കൈമാറുക. അർഥപൂർണമായ ഭൂപടവായന ക്രമീകരി ക്കുന്നു<br>പ്രാദേശിക ചരിത്രാവ ബോധം<br>വളർത്തുക. പഠനയാത്ര കൾ<br>സംഘടിപ്പിച്ച് ചരിത്രപഠനം കാര്യക്ഷമമാക്കുന്നു.<br>16.പൊതുവിജ്ഞാനത്തിന് ഊന്നൽ നൽകുന്നു,<br>17.പ്രാചീന മധ്യ- ആധുനിക ഇന്ത്യയുടെ പ്രധാന സംഭവങ്ങൾ തരംതിരിക്കുന്നു.<br>18.ക്ലബ്പ്രവർത്തനങ്ങളി ലൂടെ<br>സാമൂഹിക അവബോധം വളർത്തുന്നു.<br>പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ചോദ്യാ ത്തരവേളകൾ ക്ലാസുകളിൽ സംഘടിപ്പിക്കുന്നു.<br>5, 6, 7 ക്ലാസ്സിലെ എല്ലാ കുട്ടി കളും<br>അറ്റ്ലസ് നിർമ്മാണം<br>മഴമാപിനി നിർമ്മാണം<br>പ്രോജക്ട് ICT റിസോഴ്സ് നിർമ്മാണവും ശേഖരണവും<br>19.പ്രാദേശികമായുള്ള resource ഉപയോഗി ക്കാൻ പ്രത്യേക പദ്ധതി<br>പഴയനാണയം സ്റ്റാമ്പ് കറൻസി എന്നിവ ശേഖരിക്കുക<br>കാർഷിക പണി ആയുധങ്ങളും പഴയ കാല വസ്തുക്കളും ശേഖരിക്കുക<br>20.മഴയാത്ര സംഘടിപ്പി ക്കൽ.<br>Field വ്യശുകൊട്ട കൾ മ്യൂസിയം എന്നിവ സന്ദർശിക്കുന്നു<br>പ്രകൃതിക്ഷോഭമുണ്ടായ സ്ഥല സന്ദർശനം<br>ദുരന്തമുഖങ്ങളുടെകളറ പ്രദർശനം ഒരുക്കൽ<br>ഗ്രാമീണ സന്ദർശനങ്ങൾ / ഊരുമൂപ്പൻ, പൗരപ്രമുഖർ | | | |

# മേഖല : അക്കാദമികം
# ഉപമേഖല : യു.പി ഗണിത ശേഷി വികസനം

| ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1.ഗണിതത്തിൽ പിന്നോക്കംനിൽക്കുന്ന കുട്ടികളെ മുൻ നിരയിലെത്തിക്കുന്നു<br>2 .കുട്ടികളിൽ ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നതിന്<br>3. രസകരമായ ഗണിത പഠനവുംകരചലന ശേഷികളുടെവികാസവും<br>4. ICT യുടെ സഹായത്താൽ ഗണിത പഠനം രസകരമാക്കുന്നതിന്<br>5.ഗണിതത്തിൽ സമർഥരായകുട്ടികളെ കൂടുതൽ മിടുക്കരാക്കാൻ<br>6.ഭിന്ന സംഖ്യ എന്ന ആശയം മനസിലാക്കുന്നതിനും<br>ഭിന്ന സംഖ്യ പഠനത്തിന്റെ ആവശ്യകത കുട്ടികളിൽ ഉണ്ടാക്കുന്നതിനും | 5,6,7 | 1.ഗണിതത്തിൽ പിന്നോക്കം നിൽക്കുന്നകുട്ടികളെ കണ്ടെത്തി ,ഗണിത അധ്യാപകരുംഗണിതത്തിൽ സമർഥരായകുട്ടികളും ചേർന്ന്വേണ്ട പ്രവർത്തനങ്ങൾ നൽകുന്നു.<br>2.ഗണിത ശിൽപശാല കളികളിലൂടെഅടിസ്ഥാന ഗണിതക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽക്കുന്നു .<br>(നമ്പർ കാർഡ്,മുത്തുകൾ ,മഞ്ചാടിക്കുരു തുടങ്ങിയവ ഉപയോഗിക്കുന്നു.)<br>3.ഒറിഗാമിശിൽപശാല വിവിധരൂപങ്ങൾ നിർമ്മിക്കുന്നു .അവയുടെ നിർമ്മാണവും സവിശേഷതകൾ പട്ടികപ്പെടുത്തൽ പ്രദർശനം<br>4. ജോമെട്രി ,ടാൻഗ്രാം തുടങ്ങിയ പ്രവർത്തനങ്ങൾ IT സാധ്യതകൾ ഉപയോഗിച്ച് കുട്ടികളിലേക്ക് എത്തിക്കുന്നു.<br>5.ഗണിത ക്ലബ്ബിന്റെ നേതൃത്വത്തിൽ ഗണിത ക്വിസ് ,പസിൽ മൽസരങ്ങൾ നടത്തൽ, ഗണിത മേള നടത്തൽ<br>6.ഭിന്ന സംഖ്യകളുടെ ഉപയോഗം അനുദിന ജീവിത പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്താൽ | 1 .ആഴ്ചയിൽ 2 പിരീയഡ്<br>2. ജൂൺ, ജൂലൈ മാസം<br>3. മാസത്തിൽ ഒന്ന് | ഗണിത ക്ലബ് | 2000 |

# മേഖല : അക്കാദമികം

# ഉപമേഖല : യു.പി അടിസ്ഥാനശാസ്ത്രം

| ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1.പരിസ്ഥിതി ദിനത്തിന്റെ പ്രാധാന്യം തിരിച്ചറിയുക<br><br>2.കൃഷിയോടുള്ള താല്പര്യം വർദ്ധിപ്പിക്കുക.<br>വിവിധ രീതികളിലൂടെ തൈകളുടെ ഉത്പാദനം മനസ്സിലാക്കുക<br><br>3.ലഹരി വിരുദ്ധ ദിനത്തിന്റെ പ്രാധാന്യം മനസ്സിലാക്കി ലഹരി ക്കെതിരെ<br>പോരാടാൻ കുട്ടികളെ സജ്ജരാക്കുക<br><br>4.ആവാസ വ്യവസ്ഥ യെക്കുറിച്ചും അവയുടെ പ്രാധാന്യവും മനസ്സിലാക്കുക<br><br>5.പകർച്ച വ്യാധികളെ തടയാൻ കുട്ടികളെ ബോധവാന്മാരാക്കുക.<br>ശുചിത്വബോധം ഉളവാക്കുക<br><br>6.പ്രതിരോധ കുത്തിവെപ്പിന്റെ പ്രാധാന്യം മനസ്സിലാക്കുക<br><br>7 ചാന്ദ്രദിനദിനത്തിന്റെ പ്രാധാന്യം തിരിച്ചറിയു<br><br>8.പരീക്ഷണ നിരീക്ഷ ണങ്ങൾക്കുള്ള താൽപര്യം വർദ്ധിപ്പിക്കുച്ച് ശാസ്ത്ര തത്വങ്ങൾ കൂടുതൽ മനസിലാക്കുക.<br><br>9.കുട്ടികളെ ഗവേഷണ മനോഭാവം ഉള്ളവരാക്കുക<br><br>10.ഓസോൺ സംരക്ഷണത്തിന്റെ പ്രാധാന്യം തിരിച്ചറിയുക | 5, 6, 7 | 1.പ്രകൃതി സംരക്ഷണം<br>* തൈ നടൽ<br>* പോസ്റ്റർ നിർമ്മാണം<br>* ബോധവൽക്കരണ ഗാനം<br>* പ്രസംഗം<br>* ക്വിസ്<br>2.കുട്ടിക്കർഷകരാകാം<br>* ഗ്രാഫ്റ്റിംഗ് ലയറിങ് പരി ശീലനം<br>* കർഷകരുമായി അഭിമുഖം<br>* വിത്ത് ബാങ്ക് നിർമ്മാണം<br>* വെർട്ടിക്കൽ ഗാർഡൻ<br>* പോട്ടിങ് മിക്ചർ തയ്യാറാ ക്കുന്നു<br>3.പഠനമാകട്ടെ ലഹരി<br>* മയക്കുമരുന്ന്/ലഹരിക്കെ തിരെ<br>ബോധവൽക്കരണ ക്ലാസ്<br>* പോസ്റ്റർ നിർമ്മാണം<br>4.കണ്ടറിയാനൊരു യാത്ര<br>* ഫീൽഡ് ട്രിപ്പ്<br>കുളം /തോട്ടം /തോട് സന്ദർശനം<br>* സ്കൂളിന് ചുറ്റുമുള്ള ആവാസവ്യവസ്ഥ കണ്ടെത്തൽ<br>5. രോഗങ്ങളെ ചെറുക്കാം<br>* പകർച്ചവ്യാധികളെ കുറിച്ച് ബോധവൽക്കരണ ക്ലാസ്<br>* പോസ്റ്റർ രചന<br>* ഡ്രൈ ഡേ ആചരണം<br>6. രക്ഷിതാക്കൾക്കും കുട്ടികൾക്കും ആരോഗ്യ ബോധവൽക്കരണം<br>* പെൺകുട്ടികൾക്കായുള്ള ശുചിത്വ ക്ലാസ്<br>7.അമ്പിളി മാമനോടൊപ്പം<br>* ചാന്ദ്ര ദിനവുമായി ബന്ധപ്പെട്ട ക്വിസ്<br>* കളറ ഉപയോഗം<br>* റോക്കറ്റ് നിർമ്മാണം<br>8.ശാസ്ത്ര ലാബ് ശാക്തീകരണം<br>* മാതൃകകൾ നിർമ്മിക്കൽ<br>* പഠനോപകരണങ്ങൾ നിർമ്മിക്കൽ<br>* സ്ലൈഡ് നിർമ്മാണം<br>* ചാർട്ട്<br>9.കുട്ടി ഗവേഷകർ<br>* സൂക്ഷ്മ ജീവികൾ പരത്തുന്ന രോഗങ്ങളുമായി ബന്ധപ്പെട്ട്സ്കൂൾ നഴ്സുമായി അഭിമുഖം<br>* സൂക്ഷ്മജീവികളെ കുറിച്ചും അവയുടെ പ്രത്യേകതകളെ കുറിച്ചും മനസ്സിലാക്കൽ<br><br>10.ഓസോൺ കുട<br>* ഓസോൺ പാളിയെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ<br>* പോസ്റ്റർ നിർമ്മാണം | 1. ജൂൺ<br>2. ജൂൺ<br>3. ജൂൺ<br>4. ജൂലൈ<br>5. ജൂലൈ<br>6. ജൂലൈ<br>7. ജൂലൈ<br>8. ആഗസ്റ്റ്<br>9. സെപ്റ്റംബർ<br>10. സെപ്റ്റംബർ<br>11. ഒക്ടോബർ<br>12. ഒക്ടോബർ<br>13. ഡിസംബർ<br>14. ഫെബ്രുവരി<br>15. മാർച്ച് | *ശാസ്ത്ര അധ്യാപകർ<br>*സ്കൂൾ ശാസ്ത്രക്ലബ്ബ്<br>*എസ്. ആർ .ജി | 1000<br>1000<br>500<br>1000 |

| | | | | | |
|---|---|---|---|---|---|
| 11.ശാസ്ത്ര വിഷയത്തിൽ താല്പര്യം വർദ്ധിപ്പിക്കാൻ ICT സാധ്യത പ്രയോജനപ്പെടുത്തുക<br><br>12.ഭക്ഷ്യ ദിനത്തിൻറെ പ്രാധാന്യം മനസ്സിലാക്കി ഭക്ഷണം പാഴാക്കുന്നതി നെതിരെ ബോധമുള്ള വരാക്കുക, പോഷക സമൃദ്ധമായ ആഹാരത്തിന്റെ പ്രാധാന്യവും മനസ്സിലാക്കുക<br><br>13. കുട്ടികളിൽ തൊഴിൽ നൈപുണ്യം, സാമ്പത്തിക സുരക്ഷാ ബോധം, ആത്മവിശ്വാസം ഇവ വളർത്തുക<br><br>14.ശാസ്ത്ര ദിനത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് കുട്ടികളെ ശാസ്ത്രാ ബോധമുള്ളവരാക്കുക<br><br>1 5. പ്രകൃതിയിലെ സ്വാഭാവിക ഉറവിടങ്ങളുടെ സംരക്ഷണത്തിന്റെ ആവശ്യകത തിരിച്ചറിയുക | | 11.*കളം ഉപയോഗിച്ച് ഇന്ത്യയുടെ ബഹിരാകാശ പ്രവർത്തനങ്ങളുടെ വിശദീകരണം<br>* ചാന്ദ്രയാൻ ദിനവുമായി ബന്ധപ്പെട്ട പ്രവർത്തന ങ്ങൾ<br>12.രുചി മേളം<br>* ഭക്ഷ്യമേള<br>* പലഹാരമേള<br>13.തൊഴിലധിഷ്ഠിത പഠനം<br>* സോപ്പു നിർമ്മാണം<br>14.സയൻസ് എക്സ്പോ<br>* വിവിധ ശാസ്ത്ര തത്വങ്ങളെ അടിസ്ഥാനമാക്കി പഠനോപകരണങ്ങൾ നിർമ്മിക്കൽ<br>* ശാസ്ത്രദിന ക്വിസ്<br>15.എന്റെ പ്രകൃതി എന്റെ അമ്മ<br>* വന, ജല, കാലാവസ്ഥാ സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്ത നങ്ങൾ<br>* പോസ്റ്റർ നിർമ്മാണം | | | |

**മേഖല : അക്കാദമികം**
**ഉപമേഖല : IT**

| ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| LP UP ക്ലാസ്സിലെ മുഴുവൻ കുട്ടികൾക്കും ഐടി കൃത്യമായി കൈകാര്യം ചെയ്യുന്നതിനും നൈപുണികൾ നേടുന്നതിനും അവസരം ഒരുക്കുന്നു | ഒന്നു മുതൽ ഏഴ് വരെ ക്ലാസിലെ മുഴുവൻ കുട്ടികൾക്കും | സെമിനാർ കമ്പ്യൂട്ടർ<br>ഐടിയിൽ അടിസ്ഥാന വിദ്യാഭ്യാസം ലഭിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ഒരുക്കുന്നു<br>Laptop desktop ഇവ അനായാസം കൈകാര്യം ചെയ്യാൻ പരിശീലിപ്പിക്കുന്നു<br>കമ്പ്യൂട്ടർ സ്വയം കൈകാര്യം ചെയ്യാനുള്ള ശേഷികൾ നേടുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു<br>ക്ലാസിൽ പഠിച്ച വിവിധ വിഷയങ്ങൾ ഐടി ലാബിൽ നിരീക്ഷിക്കുന്നു കണ്ടെത്തുന്നു സ്വയം ചെയ്തു നോക്കുന്ന<br>ശാസ്ത്ര സാമൂഹ്യശാസ്ത്ര ഗണിത ഭാഷ വിഷയങ്ങളിൽ കൂടുതൽ പ്രവർത്തനങ്ങൾ കമ്പ്യൂട്ടറിൽ ചെയ്യുന്നതിനും ശേഷികൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | IT അധ്യാപകർ<br>ക്ലാസ് അധ്യാപകർ | 2000 |

## മേഖല : അക്കാദമികം
## ഉപമേഖല : LSS പരീക്ഷ

| ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| എൽ എസ് എസ് പരീക്ഷയിൽ ഉയർന്ന വിജയം നേടുക | നാലാം ക്ലാസ് വിദ്യാർത്ഥികൾ | എൽ എസ് എസ് പരീക്ഷയ്ക്ക് യോഗ്യരായ കുട്ടികളെ വർഷാരം ഭത്തിൽ തന്നെ കണ്ടെത്തുന്നു<br><br>വിവിധ വിഷയങ്ങളിൽ പ്രഗൽഭരായ അധ്യാപകർ പരിശീലനം നൽകുന്നു<br><br>മികച്ച റഫറൻസ് പുസ്തകങ്ങൾ ലഭ്യമാക്കുന്നു<br><br>പരിശീലന പരിപാടിയിൽ രക്ഷിതാക്കളെയും ഉൾപ്പെടുത്തുന്നു<br><br>രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസുകൾ നൽകുന്നു | ജൂൺ ,മാർച്ച് | LP അധ്യാപകർ | 1500 |

# മേഖല : അക്കാദമികം
# ഉപമേഖല : USS പരീക്ഷ

| ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| യു എസ് എസ് പരീക്ഷയിൽ വിജയം നേടുക | ഏഴാം ക്ലാസ് കുട്ടികൾക്ക് | വർഷാരംഭത്തിൽ തന്നെ യു എസ് എസ് പരീക്ഷയെ ലക്ഷ്യമാക്കിയുള്ള പഠന പ്രവർത്തനങ്ങൾ നൽകി കുട്ടികളെ കണ്ടെത്തുന്നു | | അധ്യാപകർ | |
| | | തിരഞ്ഞെടുത്ത കുട്ടികളെയും മാതാപിതാക്കളെയും ഉൾപ്പെടുത്തിക്കൊണ്ട് ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുന്നു | | അധ്യാപകർ രക്ഷിതാക്കൾ | |
| | | വിഷയാടിസ്ഥാനത്തിൽ പ്രത്യേകം ക്ലാസുകൾ നടത്തുകയും നിരന്തരം മൂല്യനിർണയത്തിലൂടെ നകുട്ടികളുടെ മികവും മെച്ചപ്പെടുത്തുകയും ചെയ്യുന്നു | ജൂൺ ,മാർച്ച് | അധ്യാപകർ | |
| | | മാതൃക പരീക്ഷകൾ നടത്തുകയും സ്കോർ വിലയിരുത്തുകയും ചെയ്യുന്നു | | അധ്യാപകർ | |
| | | യു എസ് എസ് പരീക്ഷയ്ക്ക് തയ്യാറാക്കുന്ന കുട്ടികൾക്ക് പരിശീലന പുസ്തകങ്ങൾ നൽകുന്നു | | അധ്യാപകർ | 500<br>1000 |
| | | കുട്ടികളിൽ പഠന താൽപര്യം വളർത്തുന്നതിന് ഉപജില്ലാതല മാതൃകാ പരീക്ഷയിൽ പങ്കെടുക്കുന്നതിന് അവസരം ഒരുക്കുന്നു | | അധ്യാപകർ ഉപജില്ല സംഘാടകർ | 150 |

## മേഖല : അക്കാദമികം
## ഉപമേഖല : പ്രവർത്തി പരിചയം

| ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| പഠനത്തിനോടൊപ്പം നിർമ്മാണ പ്രവർത്തനങ്ങളിലും അഭിരുചി വളർത്തുന്നതിന്<br>സ്വയംതൊഴിൽ കണ്ടെത്തുന്നതിന് വിദ്യാർഥികളെ പ്രോത്സാഹിപ്പിക്കുന്നതിന് | മൂന്ന് മുതൽ ഏഴ് വരെ ക്ലാസുകളിലെ കുട്ടികൾക്ക് | കുട്ടികൾക്ക് ചെയ്യാൻ സാധിക്കുന്ന നിർമ്മാണ മേഖലകൾ കണ്ടെത്തുന്നു അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തുന്നു<br>ഓരോ നിർമ്മാണ പ്രവർത്തനങ്ങൾക്കും ആവശ്യമായ വസ്തുക്കളുടെ ശേഖരണം<br>പരിശീലനം നൽകാൻ പ്രാപ്തരായവരുടെ സേവനം ലഭ്യമാക്കുന്നു<br>കുട്ടികൾക്ക് പരിശീലനം നൽകുന്നു<br>സബ്ജില്ല ജില്ലാ പ്രവർത്തി പരിചയമേളയിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നു | വർഷം മുഴുവൻ നീളുന്ന പ്രവർത്തനങ്ങൾ | അധ്യാപകർ<br>പി.ടി.എ<br>S.S.G | 10000 |

## മേഖല : അക്കാദമികം
## ഉപമേഖല :പ്രസംഗ പരിശീലനം

| ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| തടസ്സമില്ലാതെ സമൂഹത്തിനു മുൻപാകെ കാര്യങ്ങൾ അവതരിപ്പിക്കാൻ പ്രാപ്തരാക്കുന്നു<br>പ്രസംഗമത്സരങ്ങളിൽ പങ്കെടുക്കാൻ അവസരങ്ങൾ നൽകുന്നു | മൂന്നാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെയുള്ള കുട്ടികൾക്ക | ക്ലാസുകളിൽ അവസരങ്ങൾ നൽകി അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തുന്നു | ജൂൺ | അധ്യാപകർ | |
| | | തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് പ്രഗൽഭർ പരിശീലന ക്യാമ്പ് നൽകുന്നു | സെപ്റ്റംബർ | അധ്യാപകർ | |
| | | വിവിധ പ്രസംഗം മത്സരത്തിൽ പരിശീലനം നൽകി പങ്കെടുപ്പിക്കുന്നു | ഒക്ടോബർ ഫെബ്രുവരി | അധ്യാപകർ | 1500 |

## മേഖല : അക്കാദമികം
## ഉപമേഖല : പ്രതിഭകളെ കണ്ടെത്തൽ

| ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| അനുയോജ്യമായ പരിശീലനം നൽകി പ്രതിഭകളെ കണ്ടെത്തുന്നതിന്<br><br>കുട്ടികളുടെ ആത്മവിശ്വാസം വർദ്ധിപ്പിച്ച് അവരുടെ വ്യക്തിത്വ വികസനം സാധ്യമാക്കുന്നതിന്<br><br>കുട്ടികളുടെ വൈജ്ഞാനിക മേഖലയുടെ വികസനത്തിന് | 17 ക്ലാസുകളിലെ മുഴുവൻ വിദ്യാർത്ഥികളും | പ്രസംഗം പാട്ട് അഭിനയം നൃത്തം ക്വിസ് എന്നിവ കഴിവുള്ള കുട്ടികളെ കണ്ടെത്തുന്നതിന് ക്ലാസിൽ അന്തരീക്ഷം ഒരുക്കുന്നു<br><br>സ്കൂൾതല മത്സരങ്ങൾ നടത്തി മികവ് പുലർത്തുന്ന പ്രതിഭകളെ കണ്ടെത്തുന്നു<br><br>ജില്ലാ കലോത്സവത്തിന് കുട്ടികളെ ഒരുക്കുന്നു<br><br>പ്രസംഗം പാട്ട് നൃത്തം എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകുന്നു<br><br>സ്കൂൾതലത്തിലും പ്രാദേശിക തലത്തിലും അവസരങ്ങൾ നൽകുന്നു<br><br>ആവശ്യമായ മെറ്റീരിയൽസ് ഒരുക്കുന്നു | വർഷം മുഴുവൻ നീളുന്ന പ്രവർത്തനങ്ങൾ | അധ്യാപകർ<br><br>വിദഗ്ദ്ധരായ രക്ഷിതാക്കൾ<br><br>പൂർവ വിദ്യാർത്ഥികൾ<br><br>വിദഗ്ദ്ധർ | സ്റ്റാഫ് ഫണ്ട് ഡൊണേഷൻ എന്നിവയിൽ നിന്നും സാമ്പത്തികം കണ്ടെത്തുന്നു |

## മേഖല : അക്കാദമികം
## ഉപമേഖല : പൊതു പരീക്ഷകളെ നേരിടാൻ പ്രാപ്തരാക്കുക

| ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| പൊതുപരീക്ഷകളെ അഭിമുഖീകരിക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നു | മൂന്നാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെയുള്ള കുട്ടികൾക്ക | എല്ലാ വെള്ളിയാഴ്ചകളിലും പത്രവാർത്ത ക്വിസ് നടത്തും<br>ദിനാചരണങ്ങളോടനുബന്ധിച്ച് ക്വിസ് മത്സരങ്ങൾ നടത്തുന്നു<br>സംഘടനകളുടെയും കോർപ്പറേറ്റിന്റെയും നേതൃത്വത്തിൽ നടക്കുന്ന വിവിധ പരീക്ഷകളിൽ പങ്കെടുപ്പിക്കുന്നു<br>പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പുസ്തകങ്ങൾ വിതരണം ചെയ്യുകയും ക്വിസ് നടത്തുകയും ചെയ്യുന്നു | ജൂലൈ മുതൽ മാർച്ച് വരെ | അധ്യാപകർ | 3000 |

## മേഖല : അക്കാദമികം
## ഉപമേഖല : ഭിന്നശേഷി കുട്ടികളുടെ ഉന്നമനം

| ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| ഭിന്നശേഷിക്കാരായ കുട്ടികളെ മുൻനിരയിൽ എത്തിക്കുക<br><br>മാനസിക പിന്തുണ നൽകുക | ഭിന്നശേഷിക്കാരായ കുട്ടികൾ | സ്പെഷ്യൽ എഡ്യൂക്കേറ്ററുടെ സഹായത്തോടെ ഭിന്നശേഷിക്കാരായ കുട്ടികളുടെ ശേഷിക്ക് അനുശ്രിതം അനുരൂപീകരണ വായന കാർഡുകളുടെ നിർമ്മാണം<br><br>വായന കൂട്ടങ്ങളിൽ ഭിന്നശേഷിക്കാർക്ക് പ്രത്യേക പങ്കാളിത്തം<br><br>സഹപാഠികളുടെ സഹായം ഉറപ്പാക്കൽ | ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങൾ | ക്ലാസ് ടീച്ചർ<br><br>സ്പെഷ്യൽ എഡ്യൂക്കേറ്റർ | 2000 |

## മേഖല : അക്കാദമികം
## ഉപമേഖല : കൗൺസിലിംഗ്

| ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| സ്കൂളിൽ വരാൻ സാധിക്കാതെ വീട്ടിലിരുന്ന സാഹചര്യത്തിൽ കുട്ടികൾ അനുഭവിച്ച മാനസിക സമ്മർദ്ദം കുറയ്ക്കുക ഫോണിന്റെ ദുരുപയോഗം കുറയ്ക്കുക<br><br>മാതാപിതാക്കളുടെ അഭാവം കരുതലില്ലായ്മ മൂലം മാനസിക സമ്മർദ്ദം അനുഭവിക്കുന്ന കുട്ടികൾക്ക് സഹായം<br><br>കുട്ടികളുടെ കൗമാരത്തിലേക്കുള്ള വളർച്ചയിൽ കരുതലും അവബോധം നിർമ്മിതിയും | യു.പി സ്കൂളിലെ കുട്ടികൾ | കൗൺസിലിംഗ് സെഷനുകൾ ബോധവൽക്കരണ<br><br>Class psychilogical work shop/ ശില്പശാല<br><br>Prayer സെഷൻ ആവശ്യപ്പെടുന്ന കുട്ടികൾക്ക് | ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങൾ | അധ്യാപകർ | 2000 |

## മേഖല : അക്കാദമികം
## ഉപമേഖല : കായികപഠനം

| ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| കുട്ടികൾ സമഗ്ര കായിക ആരോഗ്യ വളർച്ച നേടുന്നതിനൊപ്പം മാനസിക ഉല്ലാസവും ലക്ഷ്യം വയ്ക്കുന്നു | ഒന്നു മുതൽ ഏഴ് വരെ ക്ലാസുകളിലെ വിദ്യാർഥികൾക്ക് | കായികപരമായി മുന്നോട്ടു നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു<br>ഓരോ ക്ലാസിലും എച്ച്. പി. ഇ പിരീഡ് പരിശീലനത്തിനായി ഉപയോഗിക്കുന്നു<br>സ്പെഷ്യൽ കോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നു<br>നാട്ടിലെ കായിക പ്രതിഭകളുടെ സഹകരണം ഉറപ്പുവരുത്തുന്നു<br>കായിക മേഖലയിൽ മുന്നിട്ടു നിൽക്കുന്ന കുട്ടികളെ ഉപജില്ലാ മത്സരത്തിനായി ഒരുക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | 5000 |

## മേഖല : അക്കാദമികം

## ഉപമേഖല : നൈസർഗിക കഴിവുകളുടെ വികസനം

| ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| നൈസർഗിക കഴിവുകളുടെ വികസനത്തിന്<br><br>മാർഷൽ ശേഷികളുടെ പരിശീലനത്തിന് | പരിശീലന പരിപാടികളിൽ താല്പര്യമുള്ള കുട്ടികൾ | പരിശീലന പരിപാടികളിൽ താല്പര്യവും കഴിവും ഉള്ള കുട്ടികളെ കണ്ടെത്തുന്നു<br><br>ചിട്ടയായ പരിശീലനം നൽകുന്നു<br><br>നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ കൃത്യമായി ക്ലാസുകൾ നടത്താനുള്ള ക്രമീകരണങ്ങൾ നടത്തുന്നു | ഒരു വർഷം നീണ്ടുനിൽക്കുന്ന പരിശീലന പരിപാടികൾ | പരിശീലനം നേടിയ അധ്യാപകർ | 20000 |

## മേഖല : അക്കാദമികം
## ഉപമേഖല : ഔഷധോദ്യാനം

| ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| ഔഷധസസ്യങ്ങൾ അവയുടെ ഗുണങ്ങൾ ഉപയോഗങ്ങൾ ഇവയെക്കുറിച്ച് കുട്ടികളെ പ്രബുദ്ധരാക്കുന്നതിന്<br>വിദ്യാലയത്തിന്റെ ജൈവിക സമ്പത്ത് വർദ്ധിപ്പിക്കുന്നതിലൂടെ പരിസ്ഥിതി സംരക്ഷണം ഉറപ്പിക്കുന്നത് | രണ്ടു മുതൽ ഏഴ് വരെയുള്ള മുഴുവൻ കുട്ടികളും | ലഭ്യമായ ഔഷധ സസ്യങ്ങളുടെ ശേഖരണം നടൽ ഔഷധസസ്യങ്ങളുടെ ഗുണങ്ങൾ ഉപയോഗങ്ങൾ ഇവ കണ്ടെത്തൽ ബോധവൽക്കരണ ക്ലാസ<br>ശേഖരിച്ച് ഔഷധസസ്യങ്ങളുടെ പ്രദർശനം | ജൂലൈ മുതൽ ഒക്ടോബർ വരെ | കുട്ടികൾ പി.ടി.എ<br>അധ്യാപകർ S.S.G<br>നാട്ടുവൈദ്യന്മാർ<br>കുട്ടികൾ അധ്യാപകർ | 5000 |

## മേഖല : അക്കാദമികം
## ഉപമേഖല : പത്രം പതിപ്പ്

| ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| കുട്ടികളുടെ ചിന്തയെ ഉണർത്താനും വളർത്താനും<br><br>ഉറങ്ങികിടക്കുന്ന സർഗ്ഗവാസനകളെ വളർത്താനും പരിപോഷിപ്പിക്കാനും<br><br>കുട്ടികളുടെ കഴിവുകളെ അംഗീകരിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും പ്രദർശിപ്പിക്കുന്നതിന | 1-7 ക്ലാസിലെ കുട്ടികൾക്ക് | കയ്യെഴുത്ത് മാസിക, ചുവർ പത്രിക, ചിത്ര ആൽബം തുടങ്ങിയവ തയ്യാറാക്കുന്നതിന് ആവശ്യമായ സൃഷ്ടികൾ കുട്ടികൾ തയ്യാറാക്കുന്നു<br><br>വിഷയാടിസ്ഥാനത്തിൽ ചിത്രജന, കഥ, കവിത, ഉപന്യാസം, തുടങ്ങിയ വയിൽ മത്സരങ്ങൾ സംഘടിപ്പിക്കുന്നു<br><br>കുട്ടികളുടെ മികച്ച സൃഷ്ടികൾ ഉൾപ്പെടുത്തി മൂന്ന് ടേമിലും ഓരോ പത്രങ്ങൾ തയ്യാറാക്കുന്നു | ജൂൺ ജൂലൈ ഓഗസ്റ്റ്<br><br>സെപ്റ്റംബർ ഒക്ടോബർ<br><br>നവംബർ മാർച്ച് | അധ്യാപകർ | ആവശ്യമായ തുക കണ്ടെത്തുന്നു |

# പ്രതീക്ഷിത നേട്ടങ്ങൾ

- ലോവർ പ്രൈമറി തലത്തിൽ തന്നെ എഴുത്തും വായനയും ഉറപ്പിക്കുക
- ലോവർ പ്രൈമറി തലത്തിൽ തന്നെ ചതുഷ്ക്രിയകൾ പ്രയോഗിക്കാനുള്ള ഗണിത ശേഷി ഉറപ്പിക്കുക
- ശാസ്ത്ര പ്രതിഭകളെ വളർത്തിയെടുക്കുക
- പാഠ്യേതര മേഖലകളിൽ കഴിവുറ്റ വരാക്കുക
- പൊതുപരീക്ഷകളെ നേരിടാൻ പ്രാപ്തരാക്കുക
- കുട്ടികളിലെ നൈസർഗിക കഴിവുകളെ വളർത്തുക
- കലാകായിക നിലവാരം ഉയർത്തി പ്രതിഭകളെ വാർത്തെടുക്കുക
- പഠന വിടവ് നികത്തുക
- കൗൺസിലിംഗ് സൗകര്യം ഒരുക്കി കുട്ടികളിലെ മാനസിക സമ്മർദ്ദം കുറയ്ക്കുക
- ഐടി മേഖലയിൽ എല്ലാ കുട്ടികൾക്കും അടിസ്ഥാനശേഷികൾ ഉറപ്പിക്കുക
- ഭിന്നശേഷിക്കാരെ കുട്ടികളിലെ നൈസർഗിക കഴിവുകളെ വളർത്തി മുൻനിരയിലേക്ക് കൊണ്ടുവരിക
- ഇംഗ്ലീഷ് ഭാഷയിൽ ആശയവിനിമയം നടത്തുന്നതിന് ആവശ്യമായ ശേഷികൾ ഉറപ്പിക്കുക

# മോണിറ്ററിംഗ് രീതി

ഉദ്യോഗസ്ഥ തലത്തിലുള്ള മോണിറ്ററിംഗ് സ്കൂൾതല മുതൽ ശക്തമാക്കുന്നു

ദൈനംദിന മോണിറ്ററിംഗ് പ്രധാനാധ്യാപകരുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്നു

# ഉപസംഹാരം

വിദ്യാഭ്യാസരംഗം ഇന്ന് വളരെയധികം വെല്ലുവിളികൾ നേരിടുകയാണ്. മത്സരാധിഷ്ഠിതമായ ഈ മേഖലയിൽ ഉന്നത വിജയം കരസ്ഥമാക്കണ മെങ്കിൽ വ്യത്യസ്ത വുംകൃത്യവുമായ പദ്ധതി മുൻകുട്ടി തയ്യാറാക്കി കൊണ്ട് തന്നെ വിദ്യാഭ്യാസ പ്രക്രിയ തുടങ്ങേണ്ടതുണ്ട്. അക്കാദമിക മികവാണ് വിദ്യാലയ മികവ് എന്ന വസ്തുത മനസ്സിലാക്കിക്കൊണ്ടുതന്നെ കുട്ടികളുടെ സമഗ്ര വികസനത്തിന് ആവശ്യമായ എല്ലാ പ്രവർത്തനങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് തയ്യാറാക്കിയിരിക്കുന്ന ഈ അക്കാദമിക മാസ്റ്റർ പ്ലാൻ എല്ലാവരുടെയും കുട്ടായ സഹകരണത്തോടെ പ്രാവർത്തിക മാക്കാൻ പരിശ്രമിക്കാം. ഓരോ കാലഘട്ടത്തിലും ഈ സ്ഥാപനത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളും അവരെ പഠിപ്പിക്കുന്ന അധ്യാപകരും നല്ലവരായ രക്ഷിതാക്കളും നാട്ടുകാരും മാനേജ്മെന്റും ഒത്തൊരുമിച്ച് പ്രവർത്തിക്കേണ്ടത് അനിവാര്യമാണ് നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും നന്മയും കാത്തുസൂക്ഷിച്ച് വിദ്യാലയത്തിന്റെ യശസ്സ് ഉയർത്താൻ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

മിനി അബ്രഹാം
ഹെഡ്മിസ്ട്രസ്